പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 54 — 18.03.2013 ൽ മറുപടിക്ക്

## മന്ത്രിസഭയിലെ ഒരു അംഗത്തിനെതിരെ ഗവ. ചീഫ് വിപ്പ് നടത്തിയ വാർത്താ സമ്മേളനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) മന്ത്രിസഭയിലെ ഒരു അംഗത്തിനെതിരെ കാബിനറ്റ് പദവിയിലുള്ള ഗവണ്മെന്റ് ചീഫ് വിപ്പ് വാർത്താസമ്മേളനം നടത്തി ഗുരുതരമായ ആരോപണങ്ങൾ ഉന്നയിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഔദ്യോഗികവസതിയിൽ കയറി ഒരു മന്ത്രിയെ മർദ്ദിച്ചുവെന്ന ഗവണ്മെന്റ് ചീഫ് വിപ്പിന്റെ പരാതിയിൽ ഏതു മന്ത്രിയെ ആരു മർദ്ദിച്ചുവെന്ന് അന്വേഷിക്കുകയുണ്ടായോ; | (ബി) മുതൽ (എഫ്) വരെ: ഔദ്യോഗികവസതിയിൽ കയറി ഒരു മന്ത്രിയെ മർദ്ദിച്ചുവെന്ന പത്ര വാർത്ത ശരിയല്ലെന്നു മനസ്സിലായിട്ടുണ്ട്. |
| (സി) ഗവണ്മെന്റ് ചീഫ് വിപ്പിന്റെ വെളിപ്പെടുത്തലുകളെത്തുടർന്ന് കേസ് എടുത്ത് അന്വേഷണം നടത്തുകയുണ്ടായോ; | |
| (ഡി) ചീഫ് വിപ്പ് വാർത്താസമ്മേളനം നടത്തി വെളിപ്പെടുത്തിയ കാര്യങ്ങൾ എന്തൊക്കെയായിരുന്നു; | |
| (ഇ) ആരോപണങ്ങൾ വസ്തുതാപരമാണോ; അല്ലെങ്കിൽ ആരോപണം ഉന്നയിച്ച മന്ത്രിപദവിയിലുള്ളയാൾക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ; | |
| (എഫ്) മന്ത്രിമന്ദിരത്തിലുണ്ടായതായി ആക്ഷേപിക്കപ്പെട്ട സംഭവങ്ങൾ സംബന്ധിച്ചു ലഭിച്ച പരാതികൾ എന്തൊക്കെയായിരുന്നു? | |

സെക്ഷൻ ഓഫീസർ